LIBRARY ARCHIVES Kerala Legislative Assembly

അമ്പംകുന്ന്-തെങ്കര ഇറിഗേഷൻ റോഡിന്റെ ശോച്യാവസ്ഥ

42 [205] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ അമ്പംകുന്ന്-തെങ്കര ഇറിഗേഷൻ റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡ് എന്നത്തേക്ക് അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാഞ്ഞിരത്തിൽ നിന്നും തെങ്കരയിലേയ്ക്കുള്ള ഈ റോഡിന്റെ ആദ്യ ഭാഗം റീ മെറ്റലിംഗ് ചെയ്യേണ്ടതുണ്ട്. ഇതിനായി ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ആക്ഷൻ പ്ലാനിന് അന്തിമ അംഗീകാരമാകുന്ന മുറയ്ക്ക് പ്രസ്തുത പണി ചെയ്തു തീർക്കാവുന്നതാണ്.

കണ്ണൂർ ജില്ലയിലെ പുഴയോര സംരക്ഷണ പദ്ധതി

43 [206] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുവരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പുഴയോരങ്ങളുടെ ഇരുവശവും സംരക്ഷിക്കുന്നതിന് ഭിത്തികൾ കെട്ടുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ ഈ സാമ്പത്തികവർഷം എന്തെല്ലാം സംവിധാനങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുഴയോരങ്ങൾ ഇടിയുന്നതിന്റെ ഭാഗമായി പെരിങ്ങളം മണ്ഡലത്തിലെ പെരിങ്ങന്നൂർ, മോന്താൽ, മാഹി എന്നീ പുഴകളുടെ ഇരുവശവും കെട്ടുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ലാസ് 1, ക്ലാസ് 2 ചെറുകിട ജലസേചന പദ്ധതികൾ, വെള്ളപ്പൊക്ക നാശനഷ്ടപദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോടുകളുടെയും കുളങ്ങളുടെയും നവീകരണ പദ്ധതികൾ എന്നിവയും കൂടാതെ നബാർഡ് സഹായമുള്ള ക്ലാസ് 1, ക്ലാസ് 2 ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു.

(ബി) പുഴയോരങ്ങളുടെ ഇരുവശങ്ങളും സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതി നല്കി പണികൾ ഏറ്റെടുത്ത് നടത്താറുണ്ട്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റ് ഡിസ്ട്രിക്ട് കളക്ടർമാർ മുഖേന വരുത്തി ആ രീതിയിലും പണികൾ നടത്താനുള്ള പരിശോധനകൾ നടത്തി വരുന്നു.

(സി) വളപട്ടണം പുഴ, അഞ്ചരക്കണ്ടിപ്പുഴ, മാഹിപ്പുഴ, ബാവലിപ്പുഴ മുതലായ പുഴകളുടെ തീരസംരക്ഷണ ഭിത്തികളുടെ നിർമ്മാണത്തിനായി 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ ചെയ്യാവുന്നതാണ്. ഇതുകൂടാതെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ചെയ്യുന്നതിനായി 11 പ്രവൃത്തികൾക്ക് 55.50 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ പരിഗണനയിലാണ്.

(ഡി) മാഹിപ്പുഴ, മോന്താൽ, പെരിങ്ങത്തൂർ എന്നീ സ്ഥലങ്ങളിൽ പുഴയുടെ കര സംരക്ഷിക്കുവാൻ ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി ഏറ്റെടുത്ത് നടത്തുന്നതാണ്.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ K.H.R.W.S. പദ്ധതിയോടൊപ്പം നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

44 [207] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് K.H.R.W.S. പദ്ധതിപ്രകാരം കുടിവെള്ള പദ്ധതി ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതിക്കുള്ള മതിപ്പ് ചെലവ് എത്രയാണ്;

(ഡി) ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly